©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

# (2021-2023)

**ആറാമത് റിപ്പോർട്ട്**

(2022 ജൂലൈ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[റവന്യൂ (ദേവസ്വം) വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ, എസ്.ആർ.ഒ./ വിജ്ഞാപനങ്ങൾ എന്നിവ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)

**ആറാമത് റിപ്പോർട്ട്**

(2022 ജൂലൈ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[റവന്യൂ (ദേവസ്വം) വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ, എസ്.ആർ.ഒ./ വിജ്ഞാപനങ്ങൾ എന്നിവ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത്]

1381/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 13 |
| അനുബന്ധം II | .. | 18 |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2021-2023)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പി.സി. വിഷ്ണുനാഥ്

അംഗങ്ങൾ:

ശ്രീ.പി. അബ്ദുൽ ഹമീദ്

ശ്രീ.എൻ.കെ. അക്ബർ

ശ്രീ.കെ.യു. ജനീഷ് കുമാർ

ശ്രീ.ഒ.ആർ കേളു

ശ്രീ.മോൻസ് ജോസഫ്

ശ്രീ.എം.നൗഷാദ്

ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ

ശ്രീ.എം.വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി ഇൻ ചാർജ്ജ്

ശ്രീ.ഗോഡ്ഫ്രി ഡി.ഡി., ജോയിന്റ് സെക്രട്ടറി

ശ്രീമതി. റീന വി.ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 12-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 15

# ആമുഖം

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ/ സ്വയംഭരണാധികാര സ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ വിനിർദ്ദേശിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം സമർപ്പിക്കുന്ന വാർഷിക ആഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്താനും സർക്കാരിന്റെ ധനസഹായം സ്ഥാപനങ്ങൾ വേണ്ടവിധത്തിൽ വിനിയോഗിക്കുന്നുണ്ടോയെന്ന് മനസ്സിലാക്കാനും സഹായകമാകും. സർക്കാരിൽ നിന്നും ഗണ്യമായ സാമ്പത്തിക സഹായം കൈപ്പറ്റുന്ന ദേവസ്വം ബോർഡുകൾ സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലും വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിലും വളരെയധികം കാലവിളംബം വരുത്തുന്നുണ്ട്.

കേരളത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളുടെ ഭരണസംബന്ധമായ മേൽനോട്ടത്തിനായി 5 ദേവസ്വം ബോർഡുകളാണ് നിലവിലുള്ളത്. സർക്കാർ ധനസഹായം കൈപ്പറ്റുന്ന ബോർഡുകളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിലും സമയബന്ധിതമായി വാർഷിക / ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിലും ദീർഘകാലമായി വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ട സമിതി, റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിനും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയും റവന്യൂ (ദേവസ്വം) വകുപ്പിൻ കീഴിലുള്ള സ്ഥാപന മേധാവി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

1381/2022

# റിപ്പോർട്ട്

കേരളത്തിലെ ഹിന്ദു ദേവാലയങ്ങൾക്കും അവയുടെ ഭരണക്രമത്തിനും പൊതുവായി നല്കിയിരിക്കുന്ന നാമമാണ് ദേവസ്വം . ദേവന്റെ സ്വത്ത് എന്ന അർഥത്തിലാണ് 'ദേവസ്വം' എന്ന പ്രയോഗം പ്രചാരത്തിലുള്ളത്. കേരളസംസ്ഥാനം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന രീതിയിൽ പ്രത്യേകമായി നിലനിന്ന കാലഘട്ടം മുതൽ ക്ഷേത്രത്തെയും ക്ഷേത്ര ഭരണസംവിധാനത്തെയും സൂചിപ്പിക്കാനായി 'ദേവസ്വം' എന്ന സംജ്ഞ നിലനിന്നിരുന്നു. ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ ദേവസ്വത്തിന് വളരെ സ്വാധീനമുണ്ടായിരുന്നു. സംസ്ഥാനത്തെ നാടൻ കലാരൂപങ്ങളുടെ വളർച്ചയ്ക്ക് പ്രേരക ശക്തിയായി ക്ഷേത്രങ്ങൾ നിലകൊള്ളുന്നു. കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിലൂടെ ക്ഷേത്രങ്ങൾ പരിസ്ഥിതി സൗഹൃദമായി മാറുന്നു. കേരളീയ വാസ്തുവിദ്യയുടെ മഹനീയമായ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്ന ഇത്തരം ക്ഷേത്രങ്ങൾ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതവുമാണ്.

2. തിരു-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം (ആക്ട് XV, 1950) പ്രകാരം രൂപീകൃതമായ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ, 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്ട് പ്രകാരം രൂപീകരിച്ച കൂടൽ മാണിക്യം ദേവസ്വം ബോർഡ്, 1978 ലെ ഗുരുവായൂർ ദേവസ്വം ആക്ട് പ്രകാരം രൂപീകരിച്ച ഗുരുവായൂർ ദേവസ്വം ബോർഡ്, The Madras Hindu Religious & Charitable Endowments(Amendment)Act , 2008 പ്രകാരം രൂപീകരിച്ച മലബാർ ദേവസ്വം ബോർഡ് തുടങ്ങിയ 5 ദേവസ്വം ബോർഡുകളാണ് നിലവിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളത്.

3. സർക്കാരിൽ നിന്നും സാമ്പത്തിക സഹായം കൈപ്പറ്റുന്ന സ്വയംഭരണാധികാര സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകൾ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ കേരള നിയമ സഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിൽ വിനിർദ്ദേശിച്ച സമയപരിധിയ്ക്കുള്ളിൽ സഭയിൽ സമർപ്പിക്കേണ്ടതാണ്. കൂടൽമാണിക്യം , ഗുരുവായൂർ എന്നീ ദേവസ്വം ബോർഡുകളുടെ റിപ്പോർട്ടുകൾ 5 വർഷത്തിലധികമായി കുടിശ്ശികയാണ്. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കാത്തത് നിയമസഭയോടുള്ള അനാദരവും ജനാധിപത്യ വ്യവസ്ഥിതിയോടുള്ള അവഹേളനവുമാണ്. ദേവസ്വം ബോർഡുകളുടെ ആക്ടിൽ ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും നിയമസഭാ ചട്ടമനുസരിച്ച് സർക്കാർ ധനസഹായം കൈപ്പറ്റുന്ന ദേവസ്വം ബോർഡുകളുടെ ആഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതാണ്.

4. സംസ്ഥാനത്ത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 5 ദേവസ്വം ബോർഡുകൾ താഴെ ചേർക്കുന്നു.

1. കൂടൽ മാണിക്യം ദേവസ്വം

2. ഗുരുവായൂർ ദേവസ്വം

3. മലബാർ ദേവസ്വം

4.തിരുവിതാംകൂർ ദേവസ്വം

5. കൊച്ചിൻ ദേവസ്വം

13-1-2022 വരെ കുടിശ്ശികയായിട്ടുള്ള വാർഷിക/ആഡിറ്റ് റിപ്പോർട്ടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു

| സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ചത്/ സമർപ്പിച്ച തീയതി | കുടിശ്ശിക റിപ്പോർട്ടുകൾ (വാർഷിക/ആഡിറ്റ്) |
|---|---|---|
| കൂടൽമാണിക്യം ദേവസ്വം | 2017-ലെ വാർഷിക ഭരണ റിപ്പോർട്ട് 10-6-2021-ൽ സഭയിൽ സമർപ്പിച്ചു. | 2011 , 2012, 2013, 2016, 2018, 2019, 2020, 2021 എന്നീ 8 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല |
| ഗുരുവായൂർ ദേവസ്വം | 2015-ലെ വാർഷിക ഭരണ റിപ്പോർട്ട് 5-10-2021-ൽ സഭയിൽ സമർപ്പിച്ചു. | 2016 മുതലുള്ള 6 വർഷത്തെ ഭരണ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. |
| മലബാർ ദേവസ്വം | 2019-20-ലെ വാർഷിക ഭരണ റിപ്പോർട്ട് 13-1-2021-ൽ സഭയിൽ സമർപ്പിച്ചു. | 2020-21 വർഷത്തെ ഭരണ റിപ്പോർട്ട് കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. |
| തിരുവിതാംകൂർ ദേവസ്വം | നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല. | --------------- |
| കൊച്ചിൻ ദേവസ്വം | നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല. | ------------------ |

5. റിപ്പോർട്ട് സമർപ്പണത്തിൽ ദേവസ്വം ബോർഡുകൾ ഏറെ കുടിശ്ശിക വരുത്തിയത് ശ്രദ്ധയിൽപ്പെട്ട സമിതി, റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിനും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയും റവന്യൂ(ദേവസ്വം) വകുപ്പിൻ കീഴിലുള്ള സ്ഥാപന മേധാവി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരിൽ നിന്നും 13-1-2022-ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ ദേവസ്വം ബോർഡുകളുടെ റിപ്പോർട്ട് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

6. 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്ട് വകുപ്പ് 22-ൽ കൂടൽമാണിക്യം ദേവസ്വത്തിന്റെ ആഡിറ്റ് റിപ്പോർട്ടിനെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

" 22.- (1) ' The government shall every year appoint an auditor to audit the accounts of the Devaswom and fix his remuneration.

(2) The remuneration to the auditor shall be paid from the Temple fund.

(3) The auditor shall submit his report to the Committee and send a copy of it to the Government, and thereupon the Government may issue such directions thereon as they deem fit, and the Committee shall comply with such directions' ."

7. 78 ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ 23, 24, 25 എന്നീ വകുപ്പുകളിൽ പ്രകാരം ഗുരുവായൂർ ദേവസ്വത്തിന്റെ ആഡിറ്റ് റിപ്പോർട്ടിനെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

"23 (1) The Committee shall keep regular accounts of all receipts and disbursements.

(2) The accounts of the Devaswom shall be subject to concurrent audit, that is to say, the audit shall take place as and when expenditure is incurred.

(3) The audit shall be made by auditors appointed in the prescribed manner, who shall be deemed to be public servants within the meaning of section 21 of the Indian Penal Code (Central Act 45 of 1860).

24. After completing the audit for any year of shorter period or for any transaction or series of transactions, as he deems fit, the auditor shall send a report to the Commissioner.

25. (1) The auditor shall specify in his report all cases of irregular, illegal or improper expenditure or of failure to recover moneys or other property due to the Devaswom or of loss or waste of money or other property thereof, caused by neglect or misconduct.

(2) The auditor shall also report on such other matter, relating to the accounts as may be prescribed, or on which the Commissioner may require him to report ”

8. 2008-ലെ The Madras Hindu Religious &Charitable Endowments (Amendment) Act-ലെ വകുപ്പ് 81 എ-യിൽ മലബാർ ദേവസ്വത്തിന്റെ ആഡിറ്റ് റിപ്പോർട്ടിനെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

“ 81A.(1) The Board shall keep regular accounts of all receipts in and disbursements from the Fund.

(2) The accounts of the Board shall be audited annually.

(3) The audit shall be conducted by the Director of Local Fund Audit in accordance with the provisions contained in the Kerala Local Fund Audit ”

9. തിരു- കൊച്ചി ഹിന്ദുമത സ്ഥാപന നിയമം (ആക്ട് XV 1950)-ലെ വകുപ്പ് 32 ൽ തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ ആഡിറ്റ് റിപ്പോർട്ടിനെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

“ 32. (1)The Board shall keep regular accounts of all receipts and disbursements in respect of the institutions under its administration.

(2) The accounts of the Board shall be audited annually.

(3) The audit shall be made by auditors appointed by the High Court.

(4) Every auditor appointed under this Section shall be deemed to be a public servant within the meaning of Section 15 of the Travancore Penal Code.

(5) After completing the audit for any year or for any shorter period or for any transaction or series of transactions, as the case may be, the auditor shall send a report to the High Court.

(6) The auditor shall specify in his report all cases of irregular, illegal or improper expenditure or of failure to recover moneys or other property due to the Board or to the institutions under their management or of loss or waste of money or other property thereof caused by neglect or misconduct.

(7) The auditor shall also report on any other matter relating to the accounts as may be prescribed or on which the High Court may require him to report.

(8) The High Court shall send to the Board a copy of every audit report and it shall be the duty of the Board to remedy any defects or irregularities pointed out by auditor and report the same to the High Court."

10. 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്ടിലെ സെക്ഷൻ 22 , 1978-ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ സെക്ഷൻ 23, 24, 25 , 2008-ലെ The Madras Hindu Religious & Charitable Endowments(Amendment) Act-ലെ സെക്ഷൻ 81 എ, തിരു- കൊച്ചി ഹിന്ദുമത സ്ഥാപന നിയമം (ആക്ട് XV 1950)-ലെ സെക്ഷൻ 32 എന്നിവ സമിതി പരിശോധിക്കുകയും ഓരോ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അഞ്ച് ദേവസ്വം ബോർഡുകളും അതാത് ദേവസ്വത്തിന്റെ ആഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാൻ ബാധ്യസ്ഥമാണെന്ന് സമിതി നിരീക്ഷിക്കുകയും ചെയ്തു. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആഡിറ്റ് റിപ്പോർട്ടുകൾ അതാത് ദേവസ്വം ബോർഡുകൾ തയ്യാറാക്കി വരുന്നതായും തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് മനസ്സിലാക്കാൻ സാധിക്കുകയുണ്ടായി.

11. കൂടൽമാണിക്യം, ഗുരുവായൂർ, മലബാർ എന്നീ ദേവസ്വം ബോർഡുകൾ അവരുടെ വാർഷിക ഭരണ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച് വരുന്നുവെങ്കിലും ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നില്ലെന്നും, തിരുവിതാംകൂർ, കൊച്ചിൻ എന്നീ ദേവസ്വം ബോർഡുകൾ അവരുടെ അതാത് വർഷത്തെ വാർഷിക റിപ്പോർട്ടുകളോ ആഡിറ്റ് റിപ്പോർട്ടുകളോ സഭയിൽ

സമർപ്പിക്കുന്നില്ലെന്ന് സമിതി കണ്ടെത്തി. പ്രതിവർഷം സർക്കാരിന്റെ സാമ്പത്തിക സഹായം കൈപ്പറ്റുന്ന ദേവസ്വം ബോർഡുകൾ , സർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായം എപ്രകാരം ചെലവഴിക്കുന്നുവെന്ന് സഭയ്ക്കും സഭാംഗങ്ങൾക്കും അതുപോലെ ജനങ്ങൾക്കും അറിയേണ്ടതായിട്ടുണ്ട്. ആയതിനാൽ തന്നെ അഞ്ച് ദേവസ്വം ബോർഡുകളും അവരുടെ വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു.

12. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി (3), ചട്ടം 166 ബി(5) എന്നിവ പ്രകാരം, **ഏതെങ്കിലും ആക്റ്റിലോ ചട്ടങ്ങളിലോ മറ്റ് വിധത്തിൽ വ്യക്തമാക്കാത്തിടത്തോളം എല്ലാ കമ്പനികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ബോർഡ്/കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് ആ സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ഒൻപത് മാസത്തിനകം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണെന്നും,** സംസ്ഥാന സർക്കാരിൽ നിന്നും അൻപത് ലക്ഷം രൂപയോ അതിൽ കൂടുതലോ ഒറ്റത്തവണ ഗ്രാന്റായോ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ ആവർത്തക ഗ്രാന്റായോ കൈപറ്റുന്ന സർക്കാരിതര സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ സഭ മുമ്പാകെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരിക്കുന്നതായി സമിതി ചൂണ്ടിക്കാണിക്കുകയും സർക്കാരിൽ നിന്നും ധനസഹായം കൈപ്പറ്റുന്ന ഏതൊരു കമ്പനി, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ , സർക്കാരിതര സ്ഥാപനങ്ങൾ എന്നിവ അവരുടെ വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് റിപ്പോർട്ടുകളും നിയമ സഭാ ചട്ടം പ്രകാരം നിർബന്ധമായും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന് വിലയിരുത്തുകയും ചെയ്തു. **ആയതിനാൽ കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരം അഞ്ച് ദേവസ്വം ബോർഡുകളുടേയും ഓരോ വർഷത്തെയും ആഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## 1. കൂടൽ മാണിക്യം ദേവസ്വം ബോർഡ്

13. മഹാവിഷ്ണുവിന്റെ അംശാവതാരവും ശ്രീരാമന്റെ സഹോദരനുമായ ഭരതന്റെ (സംഗമേശ്വരൻ) പ്രതിഷ്ഠയുള്ള ഇന്ത്യയിലെ അപൂർവം ക്ഷേത്രങ്ങളിൽ ഒന്നാണ് കൂടൽമാണിക്യം ക്ഷേത്രം. സുന്ദരമായ ഈ പുരാതനക്ഷേത്രം സ്ഥിതിചെയ്യുന്നത് തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലാണ്. ഉപദേവതകളില്ലാത്തത് ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയാണ്. കേരളീയ വാസ്തുവിദ്യയുടെ പ്രത്യക്ഷ ഉദാഹരണമാണ് ഈ ക്ഷേത്രത്തിലെ കൂത്തമ്പലം. 1971 -ലെ കൂടൽമാണിക്യം ദേവസ്വം ആക്ട് പ്രകാരം രൂപീകരിച്ച കൂടൽ മാണിക്യം ദേവസ്വം ബോർഡിനാണ് ക്ഷേത്രത്തിന്റെ നടത്തിപ്പും പരിപാലനവും.

14. പ്രസ്തുത ദേവസ്വം ബോർഡിന്റെ 2017-ലെ വാർഷിക ഭരണ റിപ്പോർട്ട് 10-6-2021-ൽ സഭയിൽ സമർപ്പിച്ചു. 2011 , 2012, 2013, 2016, 2018, 2019, 2020, 2021 എന്നീ 8 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്ടിലെ സെക്ഷൻ 13 (1) , 13(2) എന്നിവ പ്രകാരം ദേവസ്വത്തിന്റെ വാർഷിക ഭരണ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത ആക്ടിലെ സെക്ഷൻ 13(1), 13(2) താഴെപ്പറയും പ്രകാരമാണ്.

> "13(1) - The Committee shall annually submit to the Government a report on the administration of the affairs of the Devaswom at such time as the Government may prescribe, and such report shall be forthwith published by the Committee in the prescribed manner.
>
> 13(2)- The report prepared and published under sub-section (1) shall, as soon as possible, be laid before the Legislative Assembly."

15. കൂടൽ മാണിക്യം ദേവസ്വം ബോർഡിന്റെ 2017 വരെയുള്ള വാർഷിക ഭരണ റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2018-ലെ റിപ്പോർട്ട് പ്രിന്റിംഗിന് നൽകിയെന്നും 2019, 2020 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടെന്നും കൂടൽ മാണിക്യം ദേവസ്വം ബോർഡ് അസിസ്റ്റന്റ് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

16. കൂടൽ മാണിക്യം ദേവസ്വത്തിന്റെ 2010-ലെ ഭരണ റിപ്പോർട്ടിന്റെ കാലതാമസ പത്രിക 17-6-2015-ലെ സമിതി യോഗം പരിഗണിക്കുകയും ജീവനക്കാരുടെ അഭാവമാണ് കാലതാമസത്തിന് കാരണമെന്ന പ്രയോഗത്തിൽ അതൃപ്തി രേഖപ്പെടുത്തുകയും കാലതാമസത്തിനുള്ള വ്യക്തമായ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി നിരീക്ഷിച്ച സമിതി, പ്രസ്തുത അധികവിവരം അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

17. 2021-ലെ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ നടപടികൾ ആരംഭിച്ചാൽ കുടിശ്ശിക ഇല്ലാതാകുമെന്നും ഇ-നിയമസഭ നടപ്പിലായതോടുകൂടി പഴയതുപോലെ 150 കോപ്പി പ്രിന്റ് ചെയ്യേണ്ട ആവശ്യമില്ലെന്നും പകരം 2 ഹാർഡ് കോപ്പിയും 1 സോഫ്റ്റ് കോപ്പിയും മാത്രം നൽകിയാൽ മതിയാകുമെന്നും ഇത് റിപ്പോർട്ടുകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ലഘൂകരിക്കുമെന്ന് സമിതി നിരീക്ഷിച്ചു. കൂടൽ മാണിക്യം ദേവസ്വം ബോർഡിന്റെ 2011

മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 3 മാസത്തിനകം സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ടുകൾ തുടർച്ചയായി ലഭ്യമാക്കുന്ന കാര്യത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്നും നിതാന്ത ജാഗ്രത ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

2. ഗുരുവായൂർ ദേവസ്വം ബോർഡ്

18. കേരളത്തിലെ തൃശ്ശൂർ ചാവക്കാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ഹൈന്ദവ ക്ഷേത്രമാണ് ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം. ഈ ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠ ശ്രീകൃഷ്ണ സങ്കല്പത്തിലുള്ള മഹാവിഷ്ണുവാണ്. ദക്ഷിണേന്ത്യയിലെ ഏറ്റവുമധികം തിരക്കുള്ള വൈഷ്ണവ ക്ഷേത്രം ദക്ഷിണ ദ്വാരക എന്ന് വിശേഷിപ്പിക്കുന്ന ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രമാണ്. 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റ് പ്രകാരം രൂപീകരിച്ച ഗുരുവായൂർ ദേവസ്വം ബോർഡിനാണ് നിലവിൽ ക്ഷേത്രത്തിന്റെ നടത്തിപ്പും പരിപാലനവും.

19. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ 2015-ലെ വാർഷിക ഭരണ റിപ്പോർട്ട് 5-10-2021-ൽ സഭയിൽ സമർപ്പിച്ചു. 6 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. 1978 -ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ സെക്ഷൻ 13-ൽ വാർഷിക ഭരണറിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത ആക്ട് താഴെപ്പറയും പ്രകാരമാണ്.

> " 13-(1) The Committee shall annually submit to the Commissioner a report on the administration of the affairs of the Devaswom at such time as may be prescribed, and such report shall be forthwith published by the Committee in the prescribed manner.
>
> 13 (2)The Commissioner shall submit a copy of the report prepared and published under sub section (1) to the Government and the Government shall, as soon as possible, cause the report to be laid before the Legislative Assembly."

20. ദേവസ്വം കമ്മീഷണർ അംഗീകരിച്ച ഗുരുവായൂർ ദേവസ്വം ബോർഡിന്റെ 2016 മുതൽ 2018 വരെയുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ അച്ചടിക്കാനായി പ്രസ്സിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും ഒരു മാസത്തിനുള്ളിൽ നിയമസഭയിൽ ലഭ്യമാക്കാമെന്നും, 2020-ലെ ഭരണറിപ്പോർട്ട് ദേവസ്വം കമ്മീഷണറുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ടെന്നും ദേവസ്വം അഡ്മിനിസ്ട്രേറ്റർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ 2016 മുതൽ 2021 വരെയുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

3.മലബാർ ദേവസ്വം ബോർഡ്

21. മധ്യകേരളത്തിലും ഉത്തരകേരളത്തിലുമായി കിടക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഹൈന്ദവ ക്ഷേത്രങ്ങളുടെ ഭരണസംബന്ധമായ മേൽനോട്ടം നിർവ്വഹിക്കുന്നതിനുവേണ്ടി രൂപികരിച്ച ഒരു സ്ഥാപനം ആണ് മലബാർ ദേവസ്വം ബോർഡ്. ഒരു ദേവസ്വം ബോർഡ് മലബാർ മേഖലയ്ക്കും വേണമെന്ന ആവശ്യത്തെത്തുടർന്ന് 2008-ലാണ് മലബാർ ദേവസ്വം ബോർഡ് രൂപവത്കരിയ്ക്കപ്പെട്ടത്. 1340 ക്ഷേത്രങ്ങളാണ് നിലവിൽ മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ളത്.

22. മലബാർ ദേവസ്വം ബോർഡിന്റെ 2019-20-ലെ വാർഷിക ഭരണ റിപ്പോർട്ട് 13-1-2021 ൽ സഭയിൽ സമർപ്പിച്ചു. 2020-21 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. The Madras Hindu Religious & Charitable Endowments(Amendment) Act , 2008-[Provision 81C, (2) (3)]പ്രകാരം ഓരോ വർഷത്തെയും ഭരണ റിപ്പോർട്ട് സഭയിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ആക്ട് താഴെപ്പറയുന്ന പ്രകാരമാണ്.

> "81C. - (2) The Board shall within two months after the expiry of each financial year prepare an annual administration report for that year and submit within one month there after the Government such number of copies thereof, as the Government may direct.
>
> (3) The Government shall place the Administration Report before the Legislative Assembly within one month from the date of its receipt."

23. മലബാർ ദേവസ്വം ബോർഡിന്റെ 2020-21 വർഷത്തെ ഭരണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. നിയമസഭയിൽ ലഭിച്ചാൽ മാത്രമെ മലബാർ ദേവസ്വം ബോർഡിന്റെ കുടിശ്ശിക ഇല്ലാതാകുകയുള്ളുവെന്ന് നിരീക്ഷിച്ച സമിതി, മലബാർ ദേവസ്വം ബോർഡിന്റെ 2020-21-ലെ ഭരണറിപ്പോർട്ട് നിയമസഭയിൽ ലഭ്യമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിക്കുന്നു.

4. തിരുവിതാംകൂർ ദേവസ്വം ബോർഡ്

24. തിരു-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം (ആക്ട് XV 1950) അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ്.

പഴയ തിരുവിതാംകൂർ നാട്ടുരാജ്യത്തിൽ ഉൾപ്പെട്ടിരുന്ന 1248 ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണസംബന്ധമായ മേൽനോട്ടം നിർവ്വഹിക്കുന്ന സ്ഥാപനമാണിത്. തിരുവനന്തപുരത്തെ നന്തൻകോട് ആണ് ഇതിന്റെ ആസ്ഥാനം.

25. തിരുവിതാംകൂർ ദേവസ്വം ബോർഡ് നാളിതുവരെ നിയമസഭയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. കൂടൽമാണിക്യം, ഗുരുവായൂർ, മലബാർ തുടങ്ങി മറ്റ് ദേവസ്വം ബോർഡുകൾക്ക് ബാധകമായ നിയമങ്ങൾ തന്നെയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിനുമുള്ളതെന്ന് നിരീക്ഷിച്ച സമിതി, നാളിതുവരെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തതിനുള്ള കാരണം തെളിവെടുപ്പ് വേളയിൽ ആരായുകയുണ്ടായി. 1992-ലെ കോടതി വിധി പ്രകാരം സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ് ആഡിറ്റ് നടത്തി പ്രസ്തുത ആഡിറ്റ് റിപ്പോർട്ട് മൂന്ന് പ്രാവശ്യമായി വർഷംതോറും കോടതിയിൽ സമർപ്പിച്ചാൽ മതിയെന്നും അതിൻപ്രകാരം 2013 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചിരുന്നു.

26. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ഭരണനിർവ്വഹണം നടക്കുന്നതെന്നും നിയമസഭയിലെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരം സർക്കാരിന്റെ ധനസഹായം കൈപറ്റുന്ന സ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കേണ്ടതാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി അഭിപ്രായപ്പെട്ടു. എല്ലാവർഷവും 80 ലക്ഷം രൂപ ആന്വിറ്റിയായി സർക്കാരിൽ നിന്ന് ലഭിക്കുന്ന ബോർഡിന് വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കാൻ നിയമപരമായ ബാദ്ധ്യതയുണ്ടെന്ന് നിരീക്ഷിച്ച സമിതി, <u>പ്രസ്തുത ദേവസ്വത്തിന്റെ കുടിശ്ശികയായിട്ടുള്ള മുഴുവൻ റിപ്പോർട്ടുകളും 1992-ലെ കോടതി വിധിയുടെ പകർപ്പും മൂന്നുമാസത്തിനുള്ളിൽ നിയമസഭയിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിക്കുന്നു.</u>

5. <u>കൊച്ചിൻ ദേവസ്വം ബോർഡ്</u>

27. മധ്യകേരളത്തിൽ എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ ഹൈന്ദവ ക്ഷേത്രങ്ങളുടെ മേൽനോട്ടത്തിനായി കേരള സർക്കാർ രൂപീകരിച്ച സ്വയംഭരണാധികാര സ്ഥാപനമാണ് കൊച്ചിൻ ദേവസ്വം. തിരു- കൊച്ചി ഹിന്ദുമത സ്ഥാപന നിയമം (ആക്ട് XV 1950) അനുസരിച്ച് 1949 ജൂലൈ 1-ന് തൃശ്ശൂർ നഗരത്തിലാണ് കൊച്ചിൻ ദേവസ്വം ബോർഡ് രൂപീകൃതമായത്. പഴയ കൊച്ചി നാട്ടുരാജ്യത്തിൽ ഉൾപ്പെട്ടിരുന്ന 405 ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണസംബന്ധമായ മേൽനോട്ടമാണ് ഇത് നിർവ്വഹിക്കുന്നത്.

28. കൊച്ചിൻ ദേവസ്വം ബോർഡ് നാളിതുവരെ നിയമസഭയിൽ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സമർപ്പിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, കോവിഡ്-19 മഹാമാരിയുടെ

കാലഘട്ടത്തിൽ, സർക്കാരിന്റെ ധനസഹായമായ 25 കോടി രൂപ കൊച്ചിൻ ദേവസ്വം ബോർഡിന് ലഭിച്ചിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ സഭയിൽ റിപ്പോർട്ട് സമർപ്പിക്കാനുള്ള നിയമപരമായ ബാദ്ധ്യത ബോർഡിനുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ അഭിപ്രായപ്പെട്ടു.

29. 2019-2020-ലെ ആഡിറ്റ് റിപ്പോർട്ടുകൾ ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും മൂന്നുമാസത്തിനുള്ളിൽ കുടിശ്ശിക റിപ്പോർട്ടുകൾ നിയമസഭയിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു. ആയതിനാൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ 2020-21 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 3 മാസത്തിനകം സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

## പൊതുശിപാർശ

1. സർക്കാർ ധനസഹായം കൈ പറ്റുന്ന പൊതുമേഖലാ/സ്വയംഭരണാധികാര സ്ഥാപനങ്ങൾ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരം സഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. ദേവസ്വം ബോർഡുകളുടെ ആക്ടിൽ ഭരണറിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുകയും, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 അനുസരിച്ച് ദേവസ്വം ബോർഡുകളുടെ ആക്ടിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

2. സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി ആഡിറ്റ് ചെയ്യുന്നതിലും ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിലും വീഴ്ച വരുത്തുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, വകുപ്പിൻ കീഴിലുള്ള ദേവസ്വം ബോർഡുകളുടെ ആഡിറ്റ് നടത്തുന്നതിനും ആഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിനും ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ശിപാർശ ചെയ്യുന്നു.

3. നിശ്ചിത സമയപരിധി കഴിഞ്ഞ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിനോടൊപ്പമുള്ള കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലാത്തതോ, കാലതാമസത്തിനുള്ള വിശദീകരണം തൃപ്തികരമല്ലാത്തതോ ആണെന്ന് സമിതി നിരീക്ഷിച്ചതിന്റെ പശ്ചാത്തലത്തിൽ കുടിശ്ശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക ധനകാര്യ വകുപ്പിന്റെ 21-12-2013 - ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം 1) മാതൃകയിലായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4. കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി(2019-2021)യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ (2019-2021) യുടെ മൂന്നാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി) വകുപ്പിന്റെ സർക്കുലർ അനുബന്ധം 2 ആയി ചേർക്കുന്നു.

പി. സി. വിഷ്ണുനാഥ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ചസമിതി.*

തിരുവനന്തപുരം
2022 ജൂലൈ 13